ഖുർആൻ ബോധനം 971 എ.വൈ.ആർ

# സൂറ – 28 / അൽ ഖസ്വസ്വ്

### സൂക്തം: 78 – 81

അസാമാന്യമായ സമ്പത്തും സൗഭാഗ്യങ്ങളും അധികാരങ്ങളുമൊക്കെ അനുഭവിക്കുന്ന ആളുകൾ അൽപജ്ഞരെ അതിവേഗം ആകർഷിക്കുന്നു. സമ്പന്നന്മാരൊക്കെ അമിത സുഖമനുഭവിക്കുന്നവരും ഒരു പ്രശ്നവുമില്ലാത്തവരുമാണെന്നാണവരുടെ വിചാരം. സമ്പന്നന്റെ സമ്പത്ത് എന്നെന്നും നിലനിൽക്കുമെന്നും ഒരിക്കലും നഷ്ടപ്പെടുകയില്ലെന്നും അവർ കരുതുന്നു. തങ്ങൾക്കും അതുപോലെ സമ്പത്തുണ്ടായെങ്കിൽ എന്നു കൊതിക്കുന്നു. മുതലാളിമാർ മഹാ ഭാഗ്യവാന്മാരാണെന്നും കഷ്ടകാലത്തിന് തങ്ങൾ ദരിദ്രരായിപ്പോയി എന്നും പരിതപിക്കുന്നു.



قَالَ إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ عِندِيٓ ۚ أَوَلَمْ يَعْلَمْ أَنَّ اللَّهَ قَدْ
أَهْلَكَ مِن قَبْلِهِ مِنَ الْقُرُونِ مَنْ هُوَ أَشَدُّ مِنْهُ قُوَّةً وَأَكْثَرُ
جَمْعًا ۚ وَلَا يُسْأَلُ عَن ذُنُوبِهِمُ الْمُجْرِمُونَ ﴿٧٨﴾

78. ഖാറൂൻ ഊറ്റംകൊണ്ടു; ഇതൊക്കെയും എനിക്കുള്ള ജ്ഞാനത്താൽ ലഭിച്ചതാകുന്നു. അല്ലാഹു അവന് മുമ്പ് അവനേക്കാൾ കടുത്ത കരുത്തും പെരുത്ത സംഘവുമുള്ള പല ജനങ്ങളെ നശിപ്പിച്ചിട്ടുള്ളത് അവൻ അറിഞ്ഞിട്ടില്ലെന്നോ? കുറ്റവാളികളോട് അവരുടെ കുറ്റങ്ങൾ അന്വേഷിക്കപ്പെടുന്നില്ല.

**78**

قَالَ = അവൻ പറഞ്ഞു (ഖാറൂൻ ഊറ്റം കൊണ്ടു)
إِنَّمَا أُوتِيتُهُ = ഞാൻ അതു നൽകപ്പെട്ടത് (ഇതൊക്കെയും എനിക്ക് ലഭിച്ചതാകുന്നു)
عَلَىٰ عِلْمٍ عِندِيٓ = എന്റെ പക്കൽ (എനിക്ക്) ഉള്ള ജ്ഞാനത്തിന്മേൽ أَوَلَمْ يَعْلَمْ = അവൻ അറിഞ്ഞിട്ടില്ലെന്നോ
أَنَّ اللَّهَ قَدْ أَهْلَكَ = എന്തെന്നാൽ അല്ലാഹു തീർച്ചയായും നശിപ്പിച്ചു (ച്ചിട്ടുള്ളത്)
مِن قَبْلِهِ = അവനു മുമ്പ് مِنَ الْقُرُونِ = തലമുറകളിൽ, ജനതകളെ
مَنْ هُوَ أَشَدُّ مِنْهُ قُوَّةً = ശക്തിയാൽ അവനേക്കാൾ കടുത്തവനായവനെ (അവനേക്കാൾ കടുത്ത കരുത്തും)
وَأَكْثَرُ جَمْعًا = സംഘത്താൽ പെരുത്തവനെ (പെരുത്ത സംഘവുമുള്ളവനെ) وَلَا يُسْأَلُ = അന്വേഷിക്കപ്പെടുന്നില്ല
عَن ذُنُوبِهِمُ = അവരുടെ കുറ്റങ്ങളെക്കുറിച്ച് الْمُجْرِمُونَ = കുറ്റവാളികൾ

വിശ്വാസികളായ അവിവേകികളുടെ ഉപദേശത്തിന് ഖാറൂൻ നൽകിയ മറുപടി ഇതായിരുന്നു: എന്റെ ഈ സമ്പത്തും സൗഭാഗ്യങ്ങളും നിങ്ങൾ വിചാരിക്കുന്നതുപോലെ ദൈവം കൊണ്ടുവന്നുതന്നതൊന്നുമല്ല. പ്രത്യുത എന്റെ വിദ്യയുടെയും സാമ്പത്തിക വൈദഗ്ധ്യത്തിന്റെയും പ്രവർത്തന മികവിന്റെയും ഫലമാണത്. ധനം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അത് നേടിയെടുത്ത എനിക്ക് നന്നായിട്ടറിയാം. അതിന് നിങ്ങളുടെ ഉപദേശം ആവശ്യമില്ല. സ്വന്തം കഴിവുകൊണ്ട് സമ്പാദിച്ച സൗഭാഗ്യങ്ങളുടെ പേരിൽ എനിക്ക് ആരോടും ഒരു കടപ്പാടുമില്ല. എന്നെ സംബന്ധിച്ചേടത്തോളം നിങ്ങളുടെ ഉപദേശം തികച്ചും അസ്ഥാനത്താണ്.

عَلَىٰ عِلْمٍ عِندِيٓ (എന്റെ പക്കലുള്ള അറിവുകൊണ്ട്) എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. ഇസ്രാഈലീ കഥകളെ ആധാരമാക്കി ചില പണ്ഡിതന്മാർ ഈ വാക്യത്തെ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: ഏറെ മധുരോദാരമായ സ്വരത്തിനുടമയായിരുന്നു ഖാറൂൻ. അയാൾ അതിസുന്ദരമായി തൗറാത്ത് വായിച്ചിരുന്നു. അതുവഴി ധാരാളം പണം സമ്പാദിച്ചു. തൗറാത്തിലെ നിയമങ്ങൾ വിശദീകരിക്കുന്നതിലും ഖാറൂൻ വിദഗ്ധനായിരുന്നു. ആ വകയിലും അയാൾ വലിയ വരുമാനമുണ്ടാക്കി. ഇതേക്കുറിച്ചാണ് അയാൾ എന്റെ പക്കലുള്ള ജ്ഞാനം കൊണ്ടാണ് ഞാനീ സൗഭാഗ്യങ്ങൾ നേടിയത് എന്ന് പറയുന്നത്. മൂസാ നബിക്ക് തൗറാത്ത് ലഭിക്കുന്നത്

ഇസ്രാഈല്യർ ചെങ്കടൽ കടന്ന് സീനാ ദേശത്ത് എത്തിയ ശേഷമാണ്. ഈ കഥ ശരിയാണെങ്കിൽ തൗറാത്ത് ഇറങ്ങിയതും ഖാറൂൻ അത് പാരായണം ചെയ്തും വിശദീകരിച്ചും പണം സമ്പാദിച്ച് വൻകിട മുതലാളിയായിത്തീർന്നു എന്ന് കരുതേണ്ടിവരും. അതിനു പുറമെ തൗറാത്ത് ഏറ്റുവാങ്ങിയ മൂസാ (അ) ജീവിച്ചിരിക്കെ അദ്ദേഹം നേതൃത്വം നൽകുന്ന സമുദായത്തിലെ ഏതോ ശബ്ദസുഭഗനായ ഒരാൾ തൗറാത്തിന്റെ ആധികാരിക വ്യാഖ്യാതാവായി ധാരാളം പണം സമ്പാദിക്കുക എന്ന് പറയുന്നതിലും അവഗണിക്കാനാവാത്ത പൊരുത്തക്കേടുണ്ട്.

أَوَلَمْ يَعْلَمْ.... എന്നു തുടങ്ങുന്ന വചനഭാഗത്തിൽ ഖാറൂന്റെ നിലപാടിനെ അല്ലാഹു നിരൂപണം ചെയ്യുകയാണ്. താൽപര്യമിതാണ്: തന്നെപ്പൊക്കിയായ ഈ നിർഭാഗ്യവാൻ തനിക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ധാരാളം ധനാഢ്യരെക്കുറിച്ച് ചിന്തിക്കുന്നില്ല. അവരിൽ പലരും ഇയാളേക്കാൾ വളരെയേറെ വിഭവശേഷിയും ജനസ്വാധീനവുമുള്ളവരായിരുന്നു. അത്തരം എത്രയോ ആളുകളെ അല്ലാഹു ഞൊടിയിടയിൽ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. കുറച്ചുകാലം മുമ്പ് അതിസമ്പന്നനും മഹാ പ്രതാപിയുമായ ഫറവോൻ ചെങ്കടലിൽ മുങ്ങിയൊടുങ്ങിയതിന് ഇവർ തന്നെ സാക്ഷികളാണല്ലോ.

സമ്പത്തിന്റെ വരവും പോക്കും സമ്പന്നന്റെ സാമർഥ്യത്തെയും വിദ്യയെയും മാത്രം ആശ്രയിച്ചുനിൽക്കുന്നതാണെങ്കിൽ സമ്പന്നന് തന്റെ സമ്പത്ത് എന്നെന്നും സംരക്ഷിക്കാനും വികസിപ്പിക്കാനും അതുവഴി സ്വയം രക്ഷപ്പെടാനും കഴിയേണ്ടതാണ്. പക്ഷേ, നാം കാണുന്നതെന്താണ്? ചിലയാളുകൾ വളരെ പെട്ടെന്ന് തൊട്ടതെല്ലാം പൊന്നാക്കുന്നു. വിവരവും വൈദഗ്ധ്യവുമുള്ള ചിലർ എത്ര പ്രയത്നിച്ചിട്ടും നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നു. ചില മുതലാളിമാരുടെ മുതലുകളെല്ലാം അവരറിയാതെ ചോർന്നുപോകുന്നു. ചിലർ അപ്രതീക്ഷിതമായ അത്യാഹിതങ്ങൾക്കിരയായി നിസ്വരാകുന്നു. വിത്തത്തിന്റെ വരവിനെയും പോക്കിനെയും അതിന്റെ ഉടമസ്ഥർക്കുപരി മറ്റാരോ കൂടി നിയന്ത്രിക്കുന്നുണ്ടെന്നാണിത് സൂചിപ്പിക്കുന്നത്. മുതൽ ഒരു പരീക്ഷണോപാധി കൂടിയാണ്. وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ (നിങ്ങളുടെ മുതലും മക്കളും ഒരു പരീക്ഷണം തന്നെയാണെന്നറിഞ്ഞിരിക്കുവിൻ). സാമ്പത്തികമായ ലാഭനഷ്ടങ്ങളിലൂടെയും അല്ലാഹു അടിമകളെ പരീക്ഷിച്ചുകൊണ്ടിരിക്കുന്നു.

സമ്പദ്സമൃദ്ധിയിൽ അഹങ്കരിച്ച് നിലവിട്ട് പുളക്കുന്നവരെ ഒരു പരിധി കഴിഞ്ഞാൽ അല്ലാഹു കൊടൂരമായി പിടികൂടും. പെട്ടെന്നായിരിക്കും ആ പിടിത്തം. ശിക്ഷയിറക്കും മുമ്പ് അവരുടെ കുറ്റങ്ങളുടെ പരിശോധനയോ വിശദീകരണം തേടലോ ഒന്നും ഉണ്ടാവുകയില്ല. അസത്യത്തിലും അനീതിയിലും അതിരുവിട്ട ജനതകളെ ഒരു ഘട്ടമെത്തിയാൽ പിടികൂടുക ദൈവനീതിയാണെന്ന് തലമുറകളായി മനുഷ്യർ പഠിപ്പിക്കപ്പെട്ടുവരുന്നതാണ്. ചരിത്രം അത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പാപികൾ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുന്നതല്ല എന്ന പ്രസ്താവന പരലോകത്തും സാധുവാകുന്നു. അവിടെ ഓരോ വ്യക്തിയുടെയും ജീവിതം ഒരു സ്ക്രീനിലെന്നോണം അവന്റെ മുന്നിൽ തെളിയുന്നു. ഒന്നും അന്വേഷിച്ചറിയേണ്ടതില്ല. അതിനു പുറമെ ഓരോരുത്തരുടെയും അവയവങ്ങൾ തന്നെ അവയുടെ കർമങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ وَتُكَلِّمُنَا أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا يَكْسِبُونَ (അന്ന് നാം അവരുടെ വായകൾ സീൽ ചെയ്യുന്നു. തങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ച് അവരുടെ കൈകൾ നമ്മോട് സംസാരിക്കും. അവരുടെ കാലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു - 36:65).

يُعْرَفُ الْمُجْرِمُونَ بِسِيمَاهُمْ فَيُؤْخَذُ بِالنَّوَاصِي وَالْأَقْدَامِ (പാപികൾ മുഖലക്ഷണങ്ങളാൽ തിരിച്ചറിയപ്പെടുന്നു. അങ്ങനെ അവർ അടിമുടി പിടിച്ച് നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു - 55:41).

فَخَرَجَ عَلَىٰ قَوْمِهِ فِي زِينَتِهِ ۖ قَالَ الَّذِينَ يُرِيدُونَ الْحَيَاةَ الدُّنْيَا يَا لَيْتَ لَنَا مِثْلَ مَا أُوتِيَ قَارُونُ إِنَّهُ لَذُو حَظٍّ عَظِيمٍ ﴿٧٩﴾

79. ഒരു നാൾ അവൻ സർവാഡംബരവിഭൂഷിതനായി സ്വജനങ്ങളിലേക്കിറങ്ങി വന്നു. ഭൗതിക ജീവിതം മോഹിക്കുന്നവർ അതു കണ്ടിട്ടു പരിദേവനം ചെയ്തു; ഹാ കഷ്ടം! ഖാറൂന് ലഭിച്ചപോലുള്ള സൗഭാഗ്യം നമുക്കും ലഭിച്ചെങ്കിൽ! അയാൾ മഹാ ഭാഗ്യവാൻ തന്നെ.

**79**

فَخَرَجَ عَلَىٰ قَوْمِهِ = (ഒരു നാൾ) അവൻ സ്വജനങ്ങളിലേക്കു പുറപ്പെട്ടു (ഇറങ്ങി)

فِي زِينَتِهِ = അവന്റെ അലങ്കാരത്തിൽ (സർവാഡംബരവിഭൂഷിതനായിട്ട്)

قَالَ الَّذِينَ يُرِيدُونَ الْحَيَاةَ الدُّنْيَا = ഭൗതിക ജീവിതം മോഹിക്കുന്നവർ പറഞ്ഞു (അതു കണ്ടിട്ട് പരിദേവനം ചെയ്തു)

يَا لَيْتَ = ഹാ! കഷ്ടം لَنَا مِثْلَ مَا أُوتِيَ قَارُونُ = ഖാറൂന് ലഭിച്ചതുപോലുള്ള സൗഭാഗ്യം നമുക്കും ലഭിച്ചെങ്കിൽ

إِنَّهُ لَذُو حَظٍّ عَظِيمٍ = തീർച്ചയായും അയാൾ മഹാ ഭാഗ്യവാൻ തന്നെ

തന്റെ വിത്തപ്രതാപവും ആർഭാടപ്രമത്തതയും പ്രദർശിപ്പിച്ച് ബഹുജനങ്ങളെ കൈയിലെടുക്കാനും മൂസാ(അ)യെയും ശിഷ്യന്മാരെയും വിരട്ടാനും ഖാറൂൻ സംഘടിപ്പിച്ച പരിപാടിയാവാം ഇവിടെ സൂചിപ്പിക്കുന്നത്. തന്റെ അലങ്കാരങ്ങളിൽ ജനത്തിന്മേൽ പുറപ്പെട്ടു (فَخَرَجَ عَلَىٰ قَوْمِهِ فِي زِينَتِهِ) എന്ന വാക്യം, അതിൽ അയാളുടെ പണക്കൊഴുപ്പും പരിവാരബാഹുല്യവും പ്രത്യേകം പ്രദർശിപ്പിച്ചിരുന്നതായി സൂചിപ്പിക്കുന്നു. ബഹുജനം അത്തരം പരിപാടികളിൽ എളുപ്പത്തിൽ വീണുപോകുമല്ലോ. പണ്ടു മാത്രമല്ല ഇന്നും അതുതന്നെയാണവസ്ഥ. മത-സാംസ്കാരിക-രാഷ്ട്രീയ വ്യക്തിത്വങ്ങൾക്കു

വേണ്ടി പണക്കൊഴുപ്പാർന്ന സ്വീകരണങ്ങളും റാലികളും സംഘടിപ്പിക്കുക ഇന്നും സാധാരണമാണല്ലോ. ആനയും അമ്പാരിയും കരിമരുന്നു പ്രയോഗവും ഘോഷയാത്രകളുമെല്ലാം അതിന്റെ ഭാഗമായിരിക്കും. മാതൃസംഘടനയെ പിളർക്കാനോ പുതിയ സംഘടന രൂപീകരിക്കാനോ ശ്രമിക്കുന്ന ഇസ്‌ലാം മത സംഘടനാ നേതാക്കൾ വരെ ഇപ്പോൾ ഇത്തരം ആർഭാടപ്രമത്തമായ സ്വീകരണങ്ങളും റാലികളും സംഘടിപ്പിച്ചുവരുന്നുണ്ട്. പാമര ജനങ്ങളിൽ അത് സൃഷ്ടിക്കുന്ന ആകർഷണത്തെയും മതിപ്പിനെയുമാണ് قَالَ الَّذِينَ ..... عَظِيمٍ എന്ന വാക്യം വ്യക്തമാക്കുന്നത്. അതായത് ഈ പൊങ്ങച്ച പ്രകടനങ്ങൾ ആദർശ ധീരതയോ ആത്മീയാശയങ്ങളോ ധാർമികബോധമോ ഒന്നുമല്ല. ആർത്തിയും ആഡംബരഭ്രമവും വീരാരാധനയുമാണ് അത് ആളുകളിൽ പ്രചോദിപ്പിക്കുന്നത്. ഈ ലോകത്ത് സമ്പത്ത് അല്ലെങ്കിൽ അധികാരം അതുമല്ലെങ്കിൽ ആത്മീയാചാര്യ പദവിയാണ് സർവസ്വം എന്നവർ ധരിച്ചുവശാവുന്നു. അതുള്ളവരെ മഹാ ഭാഗ്യവാന്മാരെന്ന് മുദ്രാവാക്യം വിളിക്കുന്നു.

അസാമാന്യമായ സമ്പത്തും സൗഭാഗ്യങ്ങളും അധികാരങ്ങളുമൊക്കെ അനുഭവിക്കുന്ന ആളുകൾ അൽപജ്ഞരെ അതിവേഗം ആകർഷിക്കുന്നു. സമ്പന്നന്മാരൊക്കെ അമിത സുഖമനുഭവിക്കുന്നവരും ഒരു പ്രശ്നവുമില്ലാത്തവരുമാണെന്നാണവരുടെ വിചാരം. സമ്പന്നന്റെ സമ്പത്ത് എന്നെന്നും നിലനിൽക്കുമെന്നും ഒരിക്കലും നഷ്ടപ്പെടുകയില്ലെന്നും അവർ കരുതുന്നു. തങ്ങൾക്കും അതുപോലെ സമ്പത്തുണ്ടായെങ്കിൽ എന്നു കൊതിക്കുന്നു. മുതലാളിമാർ മഹാ ഭാഗ്യവാന്മാരാണെന്നും കഷ്ടകാലത്തിന് തങ്ങൾ ദരിദ്രരായിപ്പോയി എന്നും പരിതപിക്കുന്നു. ചിലർ മുതലാളിമാരുടെ ഭക്തരായ അടിമകളാകുന്നു. ചിലർ വിഹിതവും അല്ലാത്തതുമായ മാർഗങ്ങളിലൂടെ മുതലുകൾ വാരിക്കൂട്ടാൻ ശ്രമിക്കുന്നു. ചിലർ മുതലാളിമാരോട് അസൂയയും വിദ്വേഷവുമുള്ളവരാകുന്നു. ഇതൊന്നും വിവേകപൂർണമായ സമീപനമല്ല. അല്ലാഹു ആളുകൾക്ക് വിവിധങ്ങളായ കഴിവുകൾ നൽകിയിരിക്കുകയാണ്. ഓരോരുത്തരുടെ കഴിവുകളും ലോകത്തിനാവശ്യമുള്ളതാണ്. മുതലാളിയും തൊഴിലാളിയും രാജാവും പ്രജയും കച്ചവടക്കാരനും കൃഷിക്കാരനും കാലിമേക്കുന്നവനും പണ്ഡിതനും പാമരനും എല്ലാം ആവശ്യത്തിനുള്ള ലോകമാണ് സന്തുലിത ലോകം. എല്ലാ മനുഷ്യരും രാജാക്കന്മാരോ പ്രധാനമന്ത്രിമാരോ മഹാ മുതലാളിമാരോ ആയ ഒരു ലോകം നിലനിൽക്കുകയില്ല. വ്യത്യസ്ത കഴിവുകളും യോഗ്യതകളുമുള്ളവർ തങ്ങളുടെ വ്യത്യസ്തതകൾ പ്രാവർത്തികമാക്കുമ്പോഴാണ് ലോകം മുന്നോട്ടു പോകുന്നത്. അതുകൊണ്ട് വിശ്വാസികളെ അല്ലാഹു ഉപദേശിച്ചു:

لَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِ أَزْوَاجًا مِّنْهُمْ (ജനത്തിലെ വിവിധ വിഭാഗങ്ങൾക്കും നാം നൽകിയിട്ടുള്ള ഭൗതിക വിഭവങ്ങളിൽ നീ കണ്ണുവെക്കരുത്- 15:88).

وَلَا تَتَمَنَّوْا مَا فَضَّلَ اللَّهُ بِهِ بَعْضَكُمْ عَلَىٰ بَعْضٍ (അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ അനുഗ്രഹിച്ചിട്ടുള്ളതിനെ നിങ്ങൾ കൊതിക്കരുത്-4:32). ■

وَقَالَ الَّذِينَ أُوتُوا الْعِلْمَ وَيْلَكُمْ ثَوَابُ اللَّهِ خَيْرٌ لِّمَنْ آمَنَ وَعَمِلَ صَالِحًا وَلَا يُلَقَّاهَا إِلَّا الصَّابِرُونَ ﴿٨٠﴾

80. എന്നാൽ ജ്ഞാനം ലഭിച്ചവർ പ്രസ്താവിച്ചു: നിങ്ങളുടെ കാര്യം കഷ്ടം തന്നെ. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്നവർക്ക് ഇതിനേക്കാളേറ്റം വിശിഷ്ടമായിട്ടുള്ളത് അല്ലാഹുവിന്റെ പ്രതിഫലമത്രെ. ക്ഷമയുള്ളവർക്കു മാത്രമേ ആ സൗഭാഗ്യം ലഭിക്കൂ.

**80**

وَقَالَ الَّذِينَ أُوتُوا الْعِلْمَ = എന്നാൽ ജ്ഞാനം ലഭിച്ചവർ പ്രസ്താവിച്ചു; وَيْلَكُمْ = നിങ്ങളുടെ കാര്യം കഷ്ടം തന്നെ

ثَوَابُ اللَّهِ = അല്ലാഹുവിന്റെ പ്രതിഫലമത്രെ; خَيْرٌ = (ഇതിനേക്കാൾ) വിശിഷ്ടമായിട്ടുള്ളത്

لِّمَنْ آمَنَ وَعَمِلَ صَالِحًا = സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക്

وَلَا يُلَقَّاهَا = അതിനെ കണ്ടുമുട്ടുകയില്ല (ആ സൗഭാഗ്യം ലഭിക്കൂ) إِلَّا الصَّابِرُونَ = അല്ലാതെ ക്ഷമയുള്ളവർ(ക്കു മാത്രമേ)

അറിവും വിവേകവുമുള്ള സത്യവിശ്വാസികൾ ബഹുജനങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ആവത് ശ്രമിച്ചു. സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും ഈ ബാഹ്യ പ്രകടനങ്ങളിലൊന്നുമല്ല കാര്യം. സത്യവിശ്വാസത്തിനും സൽക്കർമത്തിന്റെ പേരിൽ ലഭിക്കുന്ന പരലോക നേട്ടത്തിനുമാണ് മനുഷ്യൻ ജീവിതം സമർപ്പിക്കേണ്ടത്. പക്ഷേ, സാധാരണക്കാർക്ക് ഇത് അത്ര എളുപ്പമല്ല. നൈമിഷികമായ ആസക്തികളെയും മോഹങ്ങളെയും അവഗണിച്ച് താൻ വിശ്വസിക്കുന്ന ആദർശത്തിലും അതാവശ്യപ്പെടുന്ന കർമമാർഗത്തിലും ഉറച്ചുനിൽക്കാൻ നിശ്ചയദാർഢ്യമുള്ളവർക്കേ കഴിയൂ. أُوتُوا الْعِلْمَ (ജ്ഞാനം ലഭിച്ചവർ) കൊണ്ടുദ്ദേശ്യം അല്ലാഹുവിനെ തിരിച്ചറിഞ്ഞവരും പരലോക ബോധമുള്ളവരുമാണ്. ഈ ജ്ഞാനത്തിൽനിന്നാണ് ശരിയായ വെളിച്ചം കിട്ടുന്നത്. ഈ ജ്ഞാനത്തിൽനിന്ന് അന്യനാകുന്നവൻ ഇരുട്ടിലകപ്പെടുന്നു; മറ്റു വിജ്ഞാനമണ്ഡലങ്ങളിൽ അയാൾ എത്രതന്നെ പ്രമുഖനും പ്രഗത്ഭനുമായിരുന്നാലും ശരി. ഖാറൂൻ സാമ്പത്തിക കാര്യങ്ങളിൽ അതിവിദഗ്ധനായിരുന്നു. ആ വൈദഗ്ധ്യം അയാൾ അവകാശപ്പെടുകയും ചെയ്തിരുന്നു. ഖുർആൻ അയാളുടെ വൈദഗ്ധ്യത്തെ നിഷേധിക്കുന്നില്ല. യഥാർഥ ജ്ഞാനം അയാൾക്ക് വിലക്കപ്പെട്ടുവെന്നാണ് പറയുന്നത്. അതിനാൽ ഇത്രയൊക്കെ സമ്പത്തിനുടമയായിട്ടും ഒരു നിധി കാക്കും സർപ്പത്തിനപ്പുറം ഒന്നുമാകാൻ അയാൾക്കായില്ല. മറ്റു വിജ്ഞാനമേഖലകളിൽ ചക്രവർത്തിമാരായി വിലസുന്നവരുടെ അവസ്ഥയും ഇതുതന്നെയാണ്. സത്യജ്ഞാനത്തിന്റെ വെളിച്ചം കിട്ടുമ്പോഴേ അറിവുകൾ അറിവാളിക്ക് പ്രയോജനപ്രദമായി വരൂ. സത്യജ്ഞാനം വിലക്കപ്പെട്ടവൻ ധിഷ

وَلَا يُلَقَّاهَا إِلَّا الصَّابِرُونَ എന്ന വാക്യം വിവരവും വിവേകവുമുള്ളവരുടെ പ്രസ്താവനയുടെ ഭാഗമാണോ അതല്ല അതിനെ പിന്താങ്ങിക്കൊണ്ട് അല്ലാഹു പ്രസ്താവിച്ചതാണോ എന്നൊരു ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇതിന് കൃത്യമായ ഉത്തരം പറയുക സാധ്യമല്ല. എങ്കിലും മറ്റുള്ളവരെ ഉദ്ധരിക്കാനോ അതിനെ പിന്താങ്ങിക്കൊണ്ടോ അവരുടെ വാക്കുകൾക്ക് അനുബന്ധമായോ അല്ലാഹു നേരിട്ടു ചിലത് പറയുന്നതിന് ഖുർആനിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. അത്തരത്തിലൊന്നായി ഗണിക്കുമ്പോൾ ആശയം ഇതാകുന്നു: ഈയാളുകൾ സഹനശാലികളായതുകൊണ്ടാണ് അവർക്ക് സത്യജ്ഞാനം കരഗതമായത്. അവർ ഖാറൂന്റെ സമ്പത്തും സൗഭാഗ്യങ്ങളും കണ്ട് ഭ്രമിച്ചവരായിരുന്നില്ല. ■

ണാശാലിയും തന്റെ വിഷയത്തിൽ അഗാധജ്ഞനും പ്രതിഭാശാലിയും നിപുണനും വിശാരദനുമൊക്കെ ആയേക്കാം. പക്ഷേ യഥാർഥ മനുഷ്യൻ ആകുന്നില്ല. മനുഷ്യനാകാതെ മഹാ പണ്ഡിതനാകുന്നതും പ്രതിഭാശാലിയാകുന്നതും അധികാരിയാകുന്നതും മുതലാളിയാകുന്നതുമെല്ലാം അപകടകരവുമാകുന്നു. അത്തരക്കാരെ നയിക്കുന്നതു പൂർണമായും ചെകുത്താനായിരിക്കും.

ക്ഷമാശക്തിയുള്ളവർക്കു മാത്രമേ ഈ തത്ത്വങ്ങൾ ഉൾക്കൊള്ളാൻ കഴിയൂ. സത്യജ്ഞാനവും സ്ഥൈര്യവും ഇരട്ടകളാണ്. സഹനശക്തിയുള്ളവർക്ക് -പരലോകത്തിനു വേണ്ടി ഭൗതിക ജീവിതത്തിലെ ക്ഷണിക സൗഭാഗ്യങ്ങൾ ബലിയർപ്പിക്കാൻ മനോവീര്യമുള്ളവർക്കു- മാത്രമേ സത്യജ്ഞാനം കരഗതമാകൂ എന്നതാണ് മറ്റൊരു കാര്യം.

---

فَخَسَفْنَا بِهِ وَبِدَارِهِ الْأَرْضَ فَمَا كَانَ لَهُ مِن فِئَةٍ يَنصُرُونَهُ مِن دُونِ اللَّهِ وَمَا كَانَ مِنَ الْمُنتَصِرِينَ ﴿٨١﴾

81. ഒടുവിൽ അവനെയും അവന്റെ ഭവനത്തെയും ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിനെതിരെ അവനെ സഹായിക്കാൻ ഒരു സംഘവുമുണ്ടായില്ല. സ്വയം അതിജയിക്കാനും അവനു കഴിഞ്ഞില്ല.

**81**

فَخَسَفْنَا= നാം ആഴ്ത്തിക്കളഞ്ഞു بِهِ= അവനെ وَبِدَارِهِ= അവന്റെ ഭവനത്തെയും കൊണ്ട്
الْأَرْضَ= ഭൂമിയെ(യിൽ) فَمَا كَانَ لَهُ مِن فِئَةٍ= അപ്പോൾ അവന് ഒരു സംഘവും ഉണ്ടായില്ല
يَنصُرُونَهُ= അവർ അവനെ സഹായിക്കുന്ന(ക്കാൻ) مِن دُونِ اللَّهِ= അല്ലാഹുവിനെ കൂടാതെ(ഹുവിനെതിരിൽ)
وَمَا كَانَ مِنَ الْمُنتَصِرِينَ= അവൻ അതിജയിക്കുന്നവരിൽ പെട്ടവനുമായില്ല (സ്വയം അതിജയിക്കാനും അവനു കഴിഞ്ഞില്ല)

ഇവിടെ ഖാറൂൻ കഥയുടെ ഒരു ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു. തൗറാത്തിൽ അത് കണ്ടെത്താവുന്നതാണ്. സാമിരിക്കു ശേഷം ഇസ്രാഈൽ സമുദായം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിവിപ്ലവമാണ് ഖാറൂൻ എന്നു കണ്ട മൂസാ (അ) ഖാറൂനെയും അനുയായികളെയും സമ്മേളന കൂടാരത്തിലേക്ക് സത്യം വെളിപ്പെട്ടു കിട്ടുന്നതിനു വേണ്ടി പ്രാർഥിക്കാൻ ക്ഷണിച്ചു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആരാണ് സ്വീകാര്യരായ സജ്ജനം എന്ന് അല്ലാവിങ്കൽനിന്നുതന്നെ തീർച്ചപ്പെട്ടുകിട്ടുകയായിരുന്നു അതിന്റെ ലക്ഷ്യം. തൗറാത്ത് അത് ദീർഘമായി വിശദീകരിക്കുന്നുണ്ട്. ചെറിയൊരു ഭാഗം മാത്രം ഇവിടെ ഉദ്ധരിക്കാം:

''ദാത്താനും അബിറാമും തങ്ങളുടെ ഭാര്യമാരോടും പുത്രന്മാരോടും കുഞ്ഞു കുട്ടികളോടും കൂടി പുറത്തുവന്ന് കൂടാര വാതിൽക്കൽ നിന്നു. അപ്പോൾ മോശെ പറഞ്ഞു: ഈ പ്രവൃത്തികളെല്ലാം ചെയ്യാൻ കർത്താവ് എന്നെ അയച്ചിരിക്കുന്നു; ഞാൻ സ്വമേധയാ അല്ല ഇവ ചെയ്തത് എന്ന് ഇതുവഴി നിങ്ങൾ അറിയും. സർവ സാധാരണമായ രീതിയിലാണ് ഇവർ മരിക്കുന്നതെങ്കിലോ സർവർക്കും ഉള്ള വിധിയാണ് ഇവർ നേരിടുന്നതെങ്കിലോ എന്നെ അയച്ചിട്ടില്ല. എന്നാൽ കർത്താവ് ഒരു പുതുമ കാട്ടുന്നു എങ്കിൽ ഭൂമി വായ് പിളർന്നു ഇവരെയും ഇവർക്കുള്ള സകലത്തെയും വിഴുങ്ങുകയും ഇവർ ജീവനോടെ പാതാളത്തിലേക്കു പോവുകയും ചെന്നുവെങ്കിൽ ഇവർ കർത്താവിനെ തിരസ്കരിച്ചു എന്നറിഞ്ഞുകൊള്ളുക. മോശെ ഇവയെല്ലാം പറഞ്ഞുതീർന്ന ഉടനെ അവർക്ക് താഴെ ഭൂമി പിളർന്നു. ഭൂമി വായ് പിളർന്ന് അവരെയും അവരുടെ കുടുംബാംഗങ്ങളെയും കോറഹിന്റെ എല്ലാ ആളുകളെയും സകല വസ്തുക്കളോടും കൂടി വിഴുങ്ങിക്കളഞ്ഞു. അങ്ങനെ അവർ തങ്ങൾക്കുള്ള സകല വസ്തുവുമായി ജീവനോടെ പാതാളത്തിലാണ്ടു. ഭൂമി അവരുടെ മേൽ അടഞ്ഞു. അങ്ങനെ അവർ സഭാമധ്യത്തിൽനിന്ന് നാമാവശേഷമായി'' (സംഖ്യ: 6:27-33).

അല്ലാഹു അവരുടെ കാര്യത്തിൽ അവന്റെ വിധി നടപ്പിലാക്കാൻ പോവുകയാണെന്ന് മൂസാ(അ)യിലൂടെ മുന്നറിയിപ്പു നൽകിയ ശേഷമാണ് ഖാറൂന്നും കൂട്ടർക്കും ഈ ദുരന്തം സംഭവിച്ചതെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ആ സന്ദർഭത്തിൽ ഖാറൂന്ന് അയാൾ സമ്പാദിച്ചുകൂട്ടിയ സമ്പത്തോ പ്രലോഭിപ്പിച്ചും പ്രീണിപ്പിച്ചും മൂസാ(അ)യെ തോൽപിക്കാൻ ചുറ്റും കൂട്ടിയ ആളുകളോ ഒരു പ്രയോജനവും ചെയ്തില്ല. ഖാറൂൻ സ്വന്തം നിലയിലും ഒരു പ്രതിരോധ നടപടിയും എടുക്കാനാവാതെ നിസ്സഹായനായി. ■